**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 962** **14-10-2026-ൽ മറുപടിയ്ക്ക്**

**വാമനപുരം നദി അടിസ്ഥാനമാക്കിയുള്ള കുടിവെള്ള വിതരണ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** വാമനപുരം നദിയിൽ നിന്ന് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ വഴി ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ കുടിവെള്ള വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് പ്രതിദിനം എത്ര ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ആറ്റിങ്ങൽ, വർക്കല മുനിസിപ്പാലിറ്റികളിലും കിഴുവിലം, അഴൂർ, ചിറയിൻകീഴ്, അഞ്ചുതെങ്ങ്, വക്കം, കടക്കാവൂർ, വാമനപുരം, നെല്ലനാട്, മുദാക്കൽ, മംഗലാപുരം, അണ്ടൂർക്കോണം, പോത്തൻകോട്, കഠിനംകുളം, നഗരൂർ, പുളിമാത്ത്, കിളിമാനൂർ, പഴയകുന്നുമ്മേൽ, ഇടവ, ചെമ്മരുതി, ഒറ്റൂർ, മണമ്പൂർ, വെട്ടൂർ, നാവായിക്കുളം, മടവൂർ, ചെറുന്നിയൂർ, കരവാരം, വിളവൂർ, തൊളിക്കോട്, നന്ദിയോട്, പെരിങ്ങമ്മല, മാണിക്കൽ, കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ പഞ്ചായത്തുകളിലും കുടിവെള്ളവിതരണം നടത്തുന്നത് വാമനപുരം നദിയിൽ നിന്നാണ്. പ്രതിദിനം 122.5 MLD ജലം ഉത്പാദിപ്പിച്ച് ഏകദേശം 218617 കണക്ഷനുകൾക്കും നിലവിൽ ജലവിതരണം നടത്തി വരുന്നു.

**(ബി)** പ്രസ്തുത പഞ്ചായത്തുകളിൽ പലയിടങ്ങളിലും ജനങ്ങൾക്ക് ആഴ്ചയിൽ ഒരു ദിവസം മാത്രമായി വെള്ളം ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൂർണ്ണതോതിൽ കുടിവെള്ള വിതരണം നടത്തുന്നതിനും നിലവിൽ തടസ്സമായിനിൽക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്നും ഇവ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

**മറുപടി:** ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും അനുബന്ധ ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കാത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുണ്ട്. ഇതിന് പരിഹാരമായി പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിൽ വാമനപുരം നദി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(സി)** പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമവും ഭാവിയിലെ വർധിച്ച ആവശ്യകതയും പരിഗണിച്ച് 24 മണിക്കൂറും ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ വാമനപുരം നദി കേന്ദ്രീകരിച്ച് പുതിയ

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

**മറുപടി:** ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും അനുബന്ധ ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കാത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുണ്ട്. ഇതിന് പരിഹാരമായി പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിൽ വാമനപുരം നദി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ഡി)** വേനൽക്കാലത്തും ആവശ്യത്തിന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വാമനപുരം നദിയിൽ അരുവിപ്പുറത്തോ സമീപ പ്രദേശങ്ങളിലോ കുടിവെള്ളാവശ്യത്തിനായി മാത്രം ജലം സംഭരിച്ചു നിർത്തുന്ന രീതിയിലുള്ള ഡാം നിർമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ പരിശോധനകളോ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** വേനൽക്കാലത്ത് അരുവിപ്പുറത്ത് താൽകാലിക തടയണ സ്ഥാപിച്ചും കുടിവെള്ളം ശേഖരിച്ച് പമ്പിംഗ് നടത്താറുണ്ട്. എന്നാൽ രൂക്ഷമായ വരൾച്ചാ സമയത്ത് ഇത് ഫലപ്രദമല്ല. വാമനപുരം നദിയിൽ കുടിവെള്ളാവശ്യത്തിനുള്ള ജലസംഭരണത്തിനായി ഡാം നിർമ്മിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ വാമനപുരം നദിയിൽ കൊല്ലമ്പുഴ പ്രദേശത്ത് കേരള വാട്ടർ അതോറിറ്റി ജല ജീവൻ മിഷൻ പദ്ധതിക്കായി വകുപ്പിന്റെ കീഴിൽ ഒരു ചെക്ക് ഡാം കം റഗുലേറ്ററിന്റെ പണി നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**

# Annexure

## വാമനപുരംനദികേന്ദ്രീകരിച്ച്നടപ്പിലാക്കുന്നകുടിവെള്ളപദ്ധതികൾചുവടെചേർക്കുന്നു.

### 1. വെമ്പായം, പനവൂർ, പുല്ലമ്പാറ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട വെമ്പായം പഞ്ചായത്തിനും, വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട പനവൂർ, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ളപദ്ധതിയാണിത്. നിലവിൽ ഈ മൂന്നു പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുന്നത് കല്ലറ പഞ്ചായത്തിലെ തെങ്ങുംകോട് സ്ഥിതിചെയ്യുന്ന 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നുമാണ്. പ്രസ്തുത ജലശുദ്ധീകരണശാലയിൽ നിന്നും കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുകൂടി ശുദ്ധജലവിതരണം നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ അഞ്ചു പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുവാൻ നിലവിലുള്ള ജലശുദ്ധീകരണശാല പര്യാപ്തമല്ല. ആയതിനാൽ പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾക്കുവേണ്ടി പുതിയൊരു പദ്ധതി വിഭാവനം ചെയ്യുകയും ജലജീവൻ മിഷൻ വഴി 69.21 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

പദ്ധതിയിൽ വെമ്പായം പഞ്ചായത്തിലെ ചീരാണിക്കര വാർഡിൽ ബാലൻവിളാകത്ത് 12 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 7 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പ്, കൊടിതൂക്കിക്കുന്നിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, ദേവിനഗറിൽ 2 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും റാവാട്ടർ-ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, വൈദ്യുത പ്രവൃത്തികൾ, ജലവിതരണ ശൃംഖലകൾ എന്നിവയുടെ സ്ഥാപിക്കലും ഉൾപ്പെടുന്നു. ഇതിലൂടെ വെമ്പായം പഞ്ചായത്തിൽ 5,644, പനവൂർ പഞ്ചായത്തിൽ 3,013, പുല്ലമ്പാറ പഞ്ചായത്തിൽ 2,838 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകി മൂന്ന് പഞ്ചായത്തുകളിലെയും എല്ലാ പ്രദേശങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു.

ഇതിൽ ജലശുദ്ധീകരണശാല, റാവാട്ടർ പമ്പിംഗ് മെയിൻ, റാവാട്ടർ പമ്പ് ഹൗസിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, പമ്പ് ഹൗസിനടുത്ത് സബ്സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കുന്നത്. ജലശുദ്ധീകരണശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. റാവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പൈപ്പുകൾ എത്തിച്ചുകഴിഞ്ഞു. സബ്സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പുതിയ ദർഘാസുകൾ ക്ഷണിക്കേണ്ടതുണ്ട്.

### 2. പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണറും പമ്പ്ഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവ നിർമ്മിക്കലും, പ്രധാന ജലവാഹിനിക്കുഴലുകൾ

സ്ഥാപിക്കലുമുൾപ്പെടുന്ന ഒന്നാംഘട്ട പ്രവൃത്തികൾക്കായി കിഫ്ബി വഴി 87.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പുളിമാത്ത് പഞ്ചായത്തിലെ ആനാകുടിയിൽ കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം, കുറ്റിമുടിയിൽ 18 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 17.30 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി, 2.8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, നഗരൂർ പഞ്ചായത്തിൽ 15.33, 14 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ, കരവാരം പഞ്ചായത്തിൽ 0.65 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി, 5.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും, റാവാട്ടർ, ക്ലിയർ വാട്ടർ പ്രധാന പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ, പദ്ധതിയ്ക്ക് ആവശ്യമായ സബ്സ്റ്റേഷൻ, ട്രാൻസ്ഫോർമറുകൾ, പവർ സപ്ലൈ അറേഞ്ച്മെന്റ്, പമ്പ് സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഒന്നാംഘട്ട പ്രവൃത്തികളിൽ പാവല്ലയിലെ ബൂസ്റ്റർ പമ്പ് ഹൗസിന്റെയും, റോഡ് പുനസ്ഥാപന പ്രവൃത്തിയുമൊഴികെ ബാക്കിയെല്ലാം പൂർത്തിയായി. പദ്ധതിയുടെ ട്രയൽ റൺ നടത്തുന്നതിനായി വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാവല്ലയിലെ ബൂസ്റ്റർ പമ്പ് ഹൗസിന്റെയും, റോഡ് പുനസ്ഥാപന പ്രവൃത്തിയും പുരോഗമിക്കുകയാണ്.

ജലജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള രണ്ടാംഘട്ട പ്രവൃത്തികളിൽ മൂന്നു പഞ്ചായത്തുകളിലുമായി 15438 കുടിവെള്ള കണക്ഷനുകളും, ഏകദേശം 60 കി. മീ. ദൈർഘ്യത്തിൽ ഡക്റ്റൈൽ അയൺ പൈപ്പുകളും 370 കി. മീ. ദൈർഘ്യത്തിൽ പി.വി.സി. പൈപ്പുകളും ഉപയോഗിച്ചുള്ള ജലവിതരണ ശൃംഖലയും ഉൾപ്പെടുന്നു. രണ്ടാംഘട്ട പ്രവൃത്തികൾ 58% പൂർത്തിയായിട്ടുണ്ട്.

**3. വർക്കല മുനിസിപ്പാലിറ്റിക്കു സമീപമുള്ള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി**

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, വർക്കല നിയോജകമണ്ഡലങ്ങളിലുൾപ്പെട്ട ഒറ്റൂർ, വെട്ടൂർ, ചെറുന്നിയൂർ, ചെമ്മരുതി, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിയ്ക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി 260.92 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഞെക്കാട് 23 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. 80% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ചെറുന്നിയൂരിൽ 8 ലക്ഷം ലിറ്റർ ശേഷിയും, പുത്തൻചന്തയിൽ 5 ലക്ഷം ലിറ്റർ ശേഷിയും, വടശ്ശേരിക്കോണത്ത് 8 ലക്ഷം ലിറ്റർ ശേഷിയും ഉള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചെമ്മരുതിയിൽ 8 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു, 90% പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു.

**4. മുദാക്കൽ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി**

മുദാക്കൽ പഞ്ചായത്തിൽ നിലവിൽ വാളക്കാട് സ്ഥിതിചെയ്യുന്ന 11 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. മുദാക്കൽ കൂടാതെ മംഗലപുരം, കഠിനംകുളം, അണ്ടൂർക്കോണം, പോത്തൻകോട് പഞ്ചായത്തുകൾക്കുകൂടി ഇതേ ജലശുദ്ധീകരണശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. ജനസംഖ്യയുടെ

അനുപാതത്തിൽ മുദാക്കൽ പഞ്ചായത്തിൽ മാത്രം 6 എം.എൽ.ഡി.യുടെ കുടിവെള്ളം ലഭ്യമാക്കേണ്ടതുണ്ട്. ഇത് മുന്നിൽക്കണ്ട് 6 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല ഉൾപ്പെടെയുള്ള പദ്ധതി തയ്യാറാക്കുകയും, കിഫ്ബി വഴി 40.08 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും ചെയ്തു. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കുകയും, കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ജലശുദ്ധീകരണശാല, റാ വാട്ടർ പമ്പിംഗ് മെയിൻ, ജലവിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു, അമ്പത് ശതമാനത്തോളം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

ഇതുകൂടാതെ ജലജീവൻ മിഷനിലുൾപ്പെടുത്തി ജലവിതരണ ശൃംഖലയും, കുടിവെള്ള കണക്ഷനുകളും നൽകുന്ന പ്രവൃത്തിയ്ക്ക് 24.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രവൃത്തി ഏതാണ്ട് പൂർത്തിയാക്കുകയും 2187 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

**5. കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്ക് വേണ്ടിയുള്ള പുതിയ പദ്ധതി**

ജലജീവൻ മിഷനിലുൾപ്പെടുത്തി ചിറയിൻകീഴ് മണ്ഡലത്തിലെ കഠിനംകുളം, മുദാക്കൽ പഞ്ചായത്തുകളിലായി ജലവിതരണ ശൃംഖലയും കുടിവെള്ള കണക്ഷനുകളും നൽകുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ വാളക്കാട് പ്രവർത്തിക്കുന്ന 11 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നുമാണ് മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ കൂടാതെ അണ്ടൂർക്കോണം, പോത്തൻകോട് തുടങ്ങിയ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളം ലഭ്യമാക്കുന്നത്. ഇത് കാരണം തീരദേശ പ്രദേശങ്ങൾ ഉൾപ്പെടുന്ന കഠിനംകുളം പഞ്ചായത്തിലുൾപ്പെടെ നിലവിൽ കുടിവെള്ള ദൗർലഭ്യമുണ്ട്. മുദാക്കൽ പഞ്ചായത്തിനു വേണ്ടി 6 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ജനസംഖ്യാനുപാതത്തിൽ ഇത് തൃപ്തികരമല്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആറ്റിങ്ങൽ ആറാട്ടുകടവിൽ കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18 എം.എൽ.ഡി. ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാല പണിയുകയും, കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് സ്ഥലത്ത് 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിച്ച് അതിനോടനുബന്ധിച്ചുള്ള പൈപ്പ്ലൈനുകളും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കാവശ്യമായ 35 കോടിയോളം രൂപ ജലജീവൻ മിഷനിലൂടെയും, 15 കോടിയോളം രൂപ അർബൻ അഗ്ലോമറേഷനിലൂടെയും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ അർബൻ അഗ്ലോമറേഷനിലൂടെ നിർമ്മിക്കുന്ന ജലശുദ്ധീകരണശാലയുടെ പ്രവൃത്തിക്കുള്ള കരാർ നൽകിക്കഴിഞ്ഞു. ജലസംഭരണിയുടെ നിർമ്മാണവും, പൈപ്പ്ലൈനുകൾ സ്ഥാപിക്കലുമുൾപ്പെടുന്ന പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തിയായെങ്കിലും ഇത് സംബന്ധിച്ച് ബഹു. ഹൈകോടതിയിൽ ഒരു വ്യവഹാരമുള്ളതിനാൽ തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്. 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ചിറയിൻകീഴ് മണ്ഡലത്തിലെ കഠിനംകുളം, മംഗലപുരം പഞ്ചായത്തുകളെക്കൂടാതെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, അണ്ടൂർക്കോണം, പോത്തൻകോട് പഞ്ചായത്തുകൾക്കും ഇതിന്റെ ഗുണം ലഭ്യമാകും.

6. **മാണിക്കൽ, നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.**

നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും, വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി ജലജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടിരൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരംനദിയാണ്. ക്ലിയർ വാട്ടർ പമ്പിങ് മെയിനുകൾ, ജലവിതരണ ശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, 3 ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, 8585 ഗാർഹികകണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി മാണിക്കൽ പഞ്ചായത്തിൽഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ പദ്ധതിയിൽ കുറ്ററയിൽ വാമനപുരം നദിക്കു സമീപം കിണറും പമ്പ്ഹൗസും നിർമ്മിച്ച് പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ് ലൈൻ വഴി വാമനപുരം നദിയിലെ ജലം പമ്പ്ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ചശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജലസംഭരണികളിലെത്തിച്ച് ജലവിതരണശൃംഖലകൾ വഴി വിതരണം ചെയ്യുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായ പ്രധാനഘടകങ്ങളെല്ലാം പൂർത്തിയാക്കി 15.03.2026-ൽ കമ്മീഷൻ ചെയ്തു.